"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - "വർക്കല മാസ്റ്റർ പ്ലാൻ 2041"-ന്റെ കരട് പ്രസിദ്ധീകരണത്തിലെ അധികരിച്ച സമയപരിധി കേരള നഗര-ഗ്രാമാസൂത്രണ നിയമം, 2016 സെക്ഷൻ 36 (11) പ്രകാരം സാധൂകരിച്ച് 17.02.2026 തീയതി വരെ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്**

സ.ഉ.(കൈ) നം.93/2026/LSGD തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.205/2025/തസ്വഭവ, തീയതി 06/11/2025.
2. വർക്കല നഗര സഭ സെക്രട്ടറിയുടെ 10/02/2026 തീയതിയിലെ PW2/5191/2020 നമ്പർ കത്ത്
3. 17/02/2026 ലെ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം നമ്പർ 651, വാല്യം 15.
4. തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ 25/02/2026 തീയതിയിലെ LSGD/JD/TVM/533/2023-P2 നമ്പർ കത്ത്
5. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് )-ടെ 24/03/2026 തീയതിയിലെ LSGD/PD/23160/2023-TCPB4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

"വർക്കല മാസ്റ്റർ പ്ലാൻ-2041" ന്റെ കരട് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം 1 ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത കരട് ഇ-ഗസറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നതിനുള്ള കാലയളവ് 05/01/2026 വരെ ആയിരുന്നുവെന്നും എന്നാൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നിരുന്നതിനാൽ പ്രസിദ്ധീകരണ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ല എന്നും വർക്കല നഗരസഭാ സെക്രട്ടറി പരാമർശം 2 പ്രകാരം അറിയിച്ചിരുന്നു.

2. നിലവിൽ, കരട് വർക്കല മാസ്റ്റർ പ്ലാൻ നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ ചട്ടങ്ങളിലെ ചട്ടം 19, ഉപചട്ടം (2) പ്രകാരം ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച ഫോറം IV ലുള്ള നോട്ടീസ്

പരാമർശം 3 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, 2016 സെക്ഷൻ 36(4)-ൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിക്കാൻ കഴിയാത്ത സാഹചര്യം ന്യായമാണെന്ന് ബോധ്യപ്പെട്ടതിനാൽ 17.02.2026 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് മാസ്റ്റർ പ്ലാനിന് കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, 2016 സെക്ഷൻ 36 (11) പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി സാധൂകരിച്ച് 17.02.2026 തീയതി വരെ ദീർഘിപ്പിച്ച് നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

4. 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിലെ സെക്ഷൻ 36 (4)-ൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ (60 ദിവസം) കരട് പ്രസിദ്ധീകരിക്കാൻ കഴിയാത്തതിനാൽ വകുപ്പ് 36 (11) പ്രകാരം, ചീഫ് ടൗൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ചട്ടം 36 (3) മുതൽ (8) വരെ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പരമാവധി 6 മാസം കവിയാതെയുള്ള കാലയളവിലേക്ക് ദീർഘിപ്പിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നിരുന്നതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ (05/01/2026) പ്രസിദ്ധീകരിക്കാൻ കഴിയാത്തതും എന്നാൽ 17.02.2026 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ "വർക്കല മാസ്റ്റർ പ്ലാൻ 2041"-ന്റെ കരട് ആയത് പ്രസിദ്ധീകരിക്കുന്നതിനുണ്ടായ അധികരിച്ച സമയപരിധി കേരള നഗര-ഗ്രാമാസൂത്രണ നിയമം, 2016 സെക്ഷൻ 36 (11) പ്രകാരം സാധൂകരിച്ചും 17.02.2026 തീയതി വരെ ദീർഘിപ്പിച്ച് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ, തിരുവനന്തപുരം.

സെക്രട്ടറി,വർക്കല നഗരസഭ.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Krishnakumar S**
**Date: 10-04-2026 11:22:43**

സെക്ഷൻ ഓഫീസർ